# മലങ്കര ശ്ലൈഹിക സിംഹാസനത്തിന്റെ മെത്രാപ്പോലീത്താ
# ഡോ. ജോസഫ് മാർത്തോമ്മായിൽ നിന്നും

**സർക്കുലർ നമ്പർ : 339**

നമ്മുടെ അധികാരത്തിൽപ്പെട്ട സകല പള്ളികളുടെയും വികാരിമാരും, ദേശത്തുപട്ടക്കാരും, പള്ളിക്കൈക്കാരും, ജനങ്ങളും കണ്ടെന്നാൽ നിങ്ങൾക്ക് വാഴ്‌വ്

കർത്താവിൽ വാത്സല്യമുള്ളവരേ,

എല്ലാ ഇടവകകളിലും ഗായകസംഘം ഉണ്ടാകണമെന്നും ഗായകസംഘത്തിന്റെ നേതൃത്വത്തിൽ ആരാധനാ സമയത്തെ എല്ലാ പാട്ടുകളും എല്ലാവരും ഒത്തുചേർന്ന് ഭംഗിയായി പാടണമെന്നുമുള്ള വലിയ ഉദ്ദേശത്തോടുകൂടി ആരംഭിച്ചതായ പ്രസ്ഥാനമാണ് സഭയുടെ ദിവ്യസംഗീത സംവേദന വിഭാഗം.

1969 ൽ ആരംഭം കുറിച്ച ഡി.എസ്.എം.സി 50-ാം വർഷത്തിന്റെ നിറവിലാണ്. ജൂബിലിയോടനുബന്ധിച്ചുള്ള പ്രത്യേക പരിപാടികളിൽ ഏവരുടെയും സഹകരണം പ്രത്യേകം ക്ഷണിക്കുന്നു. കേരളക്കരയിലെ ക്രൈസ്തവ സംഗീതജ്ഞനായ സാധു കൊച്ചുകുഞ്ഞ് ഉപദേശിയുടെ ഗാനം നമ്മെ ഓർപ്പിക്കുന്നതുപോലെ "*ദൈവം സകലവും നന്മയ്ക്കായി ചെയ്യുന്നു*". ദൈവകൃപയോടെ തുടർന്നും പാടുവാൻ, നന്മകളെ പങ്കുവെക്കുവാൻ സർവ്വശക്തൻ ഇടയാക്കട്ടെ.

മെയ് മാസം 26-ാം തീയതി ഞായറാഴ്ച ദിവ്യസംഗീത ഞായറായി ആചരിക്കുകയാണ്. അതാത് ഇടവകകളിലെ ഗായകസംഘങ്ങളെ ഓർത്ത് പ്രാർത്ഥിക്കുന്നതിനും പ്രോത്സാഹിപ്പിക്കുന്നതിനും ഗായകസംഘാംഗങ്ങളുടെ പ്രതിഷ്ഠയ്ക്കുമായും ഈ ദിവസത്തെ ക്രമീകരിച്ചിരിക്കുന്നു. ഇടവകതലത്തിൽ ഗായകസംഘത്തിന്റെ പ്രവർത്തനം ക്രമീകരിക്കുന്നതിനും ചിട്ടയായി അഭ്യസിപ്പിക്കുന്നതിനും കാലാനുസൃതമായി ശബ്ദപരിശോധന നടത്തി ആവശ്യമായ വിപുലീകരണം നടത്തുന്നതിനും ഡി.എസ്.എം.സി സഹായിച്ചു വരുന്നു.

ഇടവകകളിലെ ഗായകസംഘാംഗങ്ങൾ നിർബന്ധമായും ഡി.എസ്.എം.സിയിൽ രജിസ്റ്റർ ചെയ്തിരിക്കേണ്ടതാണ്. രജിസ്റ്റർ ചെയ്യാത്ത ഗായകസംഘാംഗങ്ങൾക്ക് ഇടവക കൈസ്ഥാനസമിതിയിൽ പ്രാതിനിധ്യം അനുവദനീയമല്ല. അഞ്ചു വർഷത്തിൽ ഒരിക്കൽ ഗായകസംഘം നിർബന്ധമായും ഡി.എസ്.എം.സി ഭരണഘടന പ്രകാരം ശബ്ദപരിശോധന നടത്തിയിരിക്കണം. അഞ്ചാം വർഷം നിലവിലുള്ള ഗായകസംഘത്തിന്റെ കാലാവധി അവസാനിക്കുന്നതും നിലവിലുള്ള ഗായകസംഘാംഗങ്ങളും പുതിയതായി ഗായകസംഘത്തിൽ പ്രവേശിക്കുവാൻ താത്പര്യപ്പെടുന്നവരും ഈ അവസരത്തിൽ ശബ്ദപരിശോധന നടത്തിയിരിക്കേണ്ടതുമാണ്. ഇത് പുതിയ അംഗങ്ങൾക്ക് ഗായകസംഘത്തിൽ പ്രവേശിക്കുന്നതിനുള്ള അവസരം ഒരുക്കുന്നതിനും കൂടിയാണ് എന്ന് പ്രത്യേകം അനുസ്മരിപ്പിക്കുന്നു.

വിവാഹശുശ്രൂഷകളിൽ ഗായകസംഘം തന്നെ ഗാനങ്ങൾ ആലപിക്കുന്നതിന് പരിശ്രമിക്കേണ്ടതാണ്. ക്രിസ്തീയ കീർത്തനങ്ങളുടെ മ്യൂസിക് എഡിഷൻ പുതിയ പതിപ്പ് പ്രസിദ്ധീകരിച്ചിട്ടുണ്ട്. ഏവരും അതുവാങ്ങി പ്രയോജനപ്പെടുത്തണമെന്ന് അറിയിക്കുന്നു. പരസ്യാരാധനക്രമത്തിലെയും കൂദാശകളുടെയും ഗീതങ്ങൾ സ്റ്റാഫ് നൊട്ടേഷനിൽ ലഭ്യമാണ്. ക്രിസ്തീയ കീർത്തനങ്ങളുടെ പുതിയ സിഡിയും തയ്യാറായി വരുന്നു. യേശുക്രിസ്തുവിലൂടെ വെളിപ്പെട്ട ദൈവസ്നേഹത്തെ പ്രകീർത്തിക്കുന്ന ആരാധന സമൂഹമാകുന്നതിന് ദിവ്യസംഗീതസംവേദന വിഭാഗത്തിന്റ പ്രവർത്തനങ്ങൾ നമുക്ക് സഹായകരമാകട്ടെ.

സംഗീതം സഭയുടെ ആത്മീയ അഭിവൃദ്ധിക്കും ആരാധനയുടെ ദിവ്യാനുഭവത്തിനും സുവിശേഷത്തിന്റെ പ്രചാരണത്തിനും ഒരുപോലെ ഒഴിച്ചുകൂടാനാവാത്ത ഒരു വിഷയമാണ്. പുതിയ തലമുറയിലും അർത്ഥവത്തായി അതിന്റെ ദൗത്യം നിറവേറ്റുന്നതിന് ആത്മാവിൽ ഉണർന്നും ശക്തിപ്പെട്ടും നമ്മുടെ സകല കഴിവുകളും സമ്പത്തും പ്രതിഫലേച്ഛകൂടാതെ സമ്പൂർണ്ണമായി സമർപ്പിച്ചും മുന്നേറുന്നതിന് ക്രിസ്തുവിന്റെ സ്നേഹം നമ്മെ ശക്തീകരിക്കട്ടെ.

നമ്മുടെ കർത്താവ് യേശുമശ്ശിഹായുടെ കൃപ നിങ്ങളെല്ലാവരോടും കൂടെ ഉണ്ടായിരിക്കട്ടെ

എന്ന്

ക്രിസ്താബ്ദം 2019 മെയ് മാസം 1-ാം തീയതി തിരുവല്ല പുലാത്തീനിൽ നിന്നും

ഡോ. ജോസഫ് മാർത്തോമ്മാ മെത്രാപ്പോലീത്താ